# ചലച്ചിത്ര പ്രവർത്തകർക്ക് 'തനിമ' ഒരുക്കിയ സ്നേഹവിരുന്ന്

**റമദാനിലെ** ഒരു സായാഹ്നം. കൊച്ചിയിലെ കൊച്ചിൻ ടവർ ഒരപൂർവ സംഗമത്തിന് സാക്ഷ്യം വഹിച്ചു.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നേതാക്കളും ചലച്ചിത്രരംഗത്തെ പ്രമുഖരും ഒന്നിച്ച സ്നേഹവിരുന്നിന് *തനിമ*യാണ് വേദി ഒരുക്കിയത്.

സാംസ്കാരിക കേരളത്തിനു മുന്നിൽ ഇതിനകം ശ്രദ്ധേയമായ പലതും കാഴ്ചവെച്ച 'തനിമ' വലിയൊരു ചുവടുവെപ്പിന്റെ മുന്നൊരുക്കം എന്ന നിലയിലാണ് ചലച്ചിത്രരംഗത്തെ പ്രമുഖരുടെ കൂട്ടായ്മക്ക് വേദി ഒരുക്കിയത്.

ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറിയും *തനിമ* രക്ഷാധികാരിയുമായ ടി.കെ ഹുസൈന്റെ ഹ്രസ്വപ്രഭാഷണത്തോടെയാണ് സംഗമം തുടങ്ങിയത്.

ദൃശ്യമാധ്യമരംഗത്തും സിനിമാ മേഖലയിലും മൂല്യവും ധാർമികതയും നന്മയും നിറഞ്ഞുകാണാൻ *തനിമ* ആഗ്രഹിക്കുന്നു. പരസ്പര ആശയവിനിമയവും ഉപദേശ നിർദേശങ്ങളും അതിനാവശ്യമുണ്ടെന്നതുകൊണ്ടാണ് ഇത്തരമൊരു സംഗമത്തിന് ഈ പരിശുദ്ധ സായാഹ്നം തെരഞ്ഞെടുത്തതെന്ന് അദ്ദേഹം പറഞ്ഞു.

ശ്രദ്ധേയമായ നിരവധി സിനിമകൾക്ക് തിരക്കഥ ഒരുക്കിയ എസ്.എൻ സ്വാമിയാണ് ചർച്ചക്ക് തുടക്കമിട്ടത്. സാംസ്കാരികരംഗത്ത് ജമാഅത്തെ ഇസ്‌ലാമിക്ക് ഒരു സംഘടനയുണ്ടാകുകയും ജനങ്ങളെ വളരെയേറെ സ്വാധീനിക്കുന്ന സിനിമാ മാധ്യമവുമായി സംവാദത്തിന് തയാറാവുകയും ചെയ്തത് നല്ല കാര്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ജമാഅത്തെ ഇസ്‌ലാമിയുടെ ഭാഗത്തുനിന്നുള്ള എന്തും നന്മയിലേക്ക് നയിക്കുന്നതാവുമെന്നാണ് തന്റെ പ്രതീക്ഷയെന്നും അതുകൊണ്ടുതന്നെ അതുമായി സഹകരിക്കാതിരിക്കാനാവില്ലെന്നും സംവിധായകൻ ലാൽ ജോസ് പറഞ്ഞു.

*മാധ്യമം* അടക്കം ജമാഅത്തെ ഇസ്‌ലാമിയുടെ ജിഹ്വകളൊക്കെയും ശബ്ദമില്ലാത്തവരുടെ ശബ്ദവും പാർശ്വവത്കരിക്കപ്പെട്ടവർക്ക് കൈത്താങ്ങുമായാണ് സമൂഹത്തിന് അനുഭവപ്പെട്ടിട്ടുള്ളത്. സിനിമയിലും പ്രത്യേകമായ ഈ ഐഡന്റിറ്റി സൂക്ഷിക്കാൻ ആ പ്രസ്ഥാനത്തിനു സാധിക്കുമെന്നാണ് താൻ കരുതുന്നതെന്ന് പ്രശസ്ത തിരക്കഥാകൃത്ത് കലവൂർ രവികുമാർ ചൂണ്ടിക്കാട്ടി.

അത്ഭുതവും ആശ്വാസവും തോന്നുന്ന പുതിയൊരു കാലുവെപ്പായാണ് ഈ കൂട്ടായ്മയെ താൻ കാണുന്നതെന്ന് തിരക്കഥാകൃത്ത് ശ്രീമൂലനഗരം മോഹനൻ പറഞ്ഞു. കാലഘട്ടത്തിനനുസരിച്ചുള്ള ചുവടുവെപ്പുകൾ നല്ലതാണ്. പരസ്പര സമന്വയത്തിലൂടെ ഒരുപാട് കാര്യങ്ങൾ ചെയ്യാനാവും.

ജമാഅത്തെ ഇസ്‌ലാമി ഒരു കാര്യം തീരുമാനിച്ചാൽ അത് നടപ്പാക്കുമെന്ന കാര്യത്തിൽ തനിക്ക് സംശയമില്ലെന്ന് ജീവൻ ടി.വി പ്രോഗ്രാം കോ-ഓർഡിനേറ്ററും ചലച്ചിത്ര പ്രവർത്തകനുമായ ആലപ്പി അശ്റഫ് പറഞ്ഞു. വ്യക്തമായ പ്ലാനും പദ്ധതിയും ജമാഅത്തിന്റെ ഓരോ പ്രവർത്തനങ്ങളിലും കാണാനാവും.

പ്രവാചകൻ പെരുന്നാൾ ദിനത്തിൽ ദഫ് കൊട്ട് ആസ്വദിച്ചിരുന്നതായി ചരിത്രത്തിൽ കാണാം. ഇസ്‌ലാം കലക്ക് എതിരാണെന്ന് ഞാൻ കാണുന്നില്ല-നടൻ കൊച്ചിൻ ഹനീഫ പറഞ്ഞു. ഖലീഫ ഉമർ വേഷം മാറി രാജ്യനിവാസികളുടെ ക്ഷേമകാര്യങ്ങൾ അറിയാൻ ഇറങ്ങിത്തിരിച്ചു, അത് അദ്ദേഹത്തിന്റെ ജോലിയുടെ ഭാഗമായി ചെയ്തതാണ്. ഞങ്ങൾ നടന്മാർ വേഷം കെട്ടുന്നതും ജോലിയുടെ ഭാഗമായാണ്. ഒന്നും ധർമത്തിന് എതിരാകരുതെന്നു മാത്രം- കൊച്ചിൻ ഹനീഫ തന്റെ വീക്ഷണം അവതരിപ്പിച്ചു.

ജമാഅത്തെ ഇസ്‌ലാമി സിനിമയെ ഏതു വീക്ഷണത്തിൽ കാണുന്നു എന്നാണ് സിനിമാ-സീരിയൽ നടൻ കലാഭവൻ അൻസാറിന് അറിയേണ്ടത്.

ജമാഅത്തെ ഇസ്‌ലാമി സിനിമയെന്ന മാധ്യമത്തെ ഏതു വീക്ഷണത്തിൽ കാണുന്നു എന്നതിന് ഈ സദസ്സ് തന്നെ വിശദീകരണമാണെന്ന് *മാധ്യമം* പീരിയോഡിക്കൽസ് എഡിറ്റർ വി.എ കബീർ പറഞ്ഞു. 'ദൈവം സുന്ദരനാണ്. അവൻ സുന്ദരമായത് ഇഷ്ടപ്പെടുന്നു' എന്നാണ് പ്രവാചകവചനം. ഖുർആന് കലാപരമായ ഒരുപാട് മാനങ്ങളുണ്ട്. വ്യക്തമായ നിരോധം ഇല്ലാത്തത് അനുവദനീയമെന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. പ്രത്യേകിച്ച് നന്മയിലേക്ക് നയിക്കുന്നവ.

ടാഗോറിന്റെ കവിതകൾ ഏറെയും ഇസ്‌ലാമികം എന്നാണ് മുഹമ്മദ് ഖുത്വ്ബ് ചൂണ്ടിക്കാട്ടുന്നത്. പ്രവാചകൻ കവിതയെ വളരെയേറെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

കലയുടെ ആത്യന്തിക ലക്ഷ്യം ആനന്ദം തന്നെയാണ്. കലയും മതവും തമ്മിൽ സംഘട്ടനത്തിൽ ഏർപ്പെടേണ്ട കാര്യമില്ല. അതിനെ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെയും എങ്ങനെ സമീപിക്കുന്നു എന്നതിനെയും ആശ്രയിച്ചാണ് കാര്യങ്ങൾ കാണേണ്ടത്. സിനിമ നന്മയിലേക്ക് നയിച്ചില്ലെങ്കിലും തിന്മയിലേക്ക് നയിക്കാതിരിക്കുകയെങ്കിലും ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു.

സംവിധായകരായ വിനു ആനന്ദ്, അൻവർ റശീദ്, നാസർ ലത്വീഫ്, സലാം പാലപ്പെട്ടി, എം.എ ഫാസിൽ, തിരക്കഥാകൃത്ത് ബന്നി കെ. നായരമ്പലം, നിർമാതാവ് സിയാദ് കോക്കർ, ആർട്ടിസ്റ്റ് റഹ്മാൻ, ക്യാമറാമാന്മാരായ അനിൽ ഗോപിനാഥ്, പി. സുകുമാരൻ, ഉൽപൽ വി. നായർ, പി.ആർ.ഒ എബ്രഹാം ലിങ്കൻ, സംവിധായകനും നിർമാതാവുമായ സുനിൽ കുമാർ, എ.കെ സാജൻ, ഇബ്റാഹീം തുടങ്ങിയ സിനിമാരംഗത്തെ പ്രമുഖരും ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി എൻ.എം അബ്ദുർറഹ്മാൻ, ജില്ലാ പ്രസിഡന്റ് വി.എ ഇബ്റാഹീം കുട്ടി, വി.എ സലീം, *തനിമ* ഡയറക്ടർ നജീബ് കുറ്റിപ്പുറം തുടങ്ങിയവരും പങ്കെടുത്തു.

**എം. ശറഫുല്ലാ ഖാൻ**